ലീലാകാവ്യദർശനം

സി. കെ മൂസ്സത്ത്

കരിമ്പുഴ രാമകൃഷ്ണന്റെ 'ലീലാകാവ്യത്തിനു് ഒരാമുഖം' എന്ന പുസ്തകത്തിന്റെ വെളിച്ചത്തിൽ ആശാൻ കവിതയെക്കുറിച്ചു് ഒരു പഠനം

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അന്യാദൃശങ്ങളായ രണ്ടു രാജശിക്ഷകരും എന്ന ശീർഷകത്തിൽ എഴുതിയ ഒരു ലേഖനത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു ശ്രീമൂലംതിരുനാളിന്റെ കാലത്തു നടന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാടകടത്തലിനു തുല്യത വഹിക്കുന്നതിരുവിതാംകൂർ ചരിത്രത്തിലെ ഏക രാജശിക്ഷ 1050 കക്കടകം 21നു് കേരളവർമ്മ വലിയ കോയിത്തമ്പുരാനെ തടവിലാക്കാൻ ആയിലൃം തിരുനാടു തുല്യം ചാർത്തിയ രാജകല്പനയായിരുന്നു എന്നു. വിചാരണ കൂടാതെ ഏകപക്ഷീയമായി രാജദ്രോഹകുറ്റം ചുമത്തി ശിക്ഷിക്കുന്ന അസാധാരണസംഭവങ്ങളാണു്. ഏതാണ്ടതുതന്നെ ദുഃഖകരവും ദുരുപദിഷ്ടവുമായി സാഹിത്യചരിത്രത്തിൽ സ്മരിക്കാവുന്ന രണ്ടു സംഭവങ്ങളുണ്ടു്. ദ്വിതീയാക്ഷരപ്രാസകാലഘട്ടവും ആശാൻ—വള്ളത്തോൾവിവാദത്തിന്റെ കാലഘട്ടവും. അമ്മാമനും മരുമകനും തമ്മിലുള്ള കുടുംബബന്ധം ഗുരുശിഷ്യബന്ധമായി വികസിച്ചുവെന്നു സഹൃദയർ ആശ്വാസം കൊള്ളുമ്പോൾ പെട്ടെന്നതാ കണ്ണേജപന്മാരുടെ കുസൃതിമൂലം ദ്വിതീയാക്ഷരപ്രാസത്തിന്റെയും ശാകുന്തളവിവർത്തനപ്രശ്നത്തിന്റേയും പേരിൽ കേരളകാളിദാസനും കേരളപാണിനിയും ഇരുചേരികളിൽപെട്ട തിരശ്ശീലയ്ക്കു പിന്നിൽ നിന്നാണെങ്കിലും ഗ്വാ ഗ്വാവിളി തുടർന്നു. അത്രതന്നെ വിനാശകരവും നിർഭാഗ്യകരവും ആയ നിലയിൽ കേരളം കണ്ട രണ്ടു മഹാപ്രതിഭകളും തമ്മിൽ ഒരു വ്യവസ്ഥയും വെള്ളിയാഴ്ചയുമില്ലാത്ത തരത്തിൽ പരസ്പരകലഹം നടത്തുന്നു! ആശാനും വള്ളത്തോളും നടത്തിയ വാക്കലഹത്തിന്റെ പ്രതിധ്വനികളും നിരൂപണങ്ങളും, ഗ്രന്ഥവിഹാരം എന്നീ പുസ്തകങ്ങളുടെ താളുകളിൽനിന്നുയരുന്നു. വള്ളത്തോളും കേരളവർമ്മപക്ഷവും ആശാൻ ഏ. ആർ. പക്ഷവും പിടിച്ചു എന്നതാണു് രസകരമായ വസ്തുത; പ്രവൃത്തികളിൽ ആ ചേരിപിരിവു പ്രതിഫലിച്ചതുമില്ല. ഏ. ആറിന്റെ പ്രശംസയ്ക്കു പാത്രമായ നളിനിയിലും ലീലാകാവ്യത്തിലും പ്രാസനിർബ്ബന്ധത്തിന്റെ കാര്യമാലോചിച്ചാൽ മറുചേരിയിലാണല്ലോ. വള്ളത്തോളും കേരളവർമ്മപക്ഷമായാലെന്തു, ശാകുന്തളതർജ്ജമയിൽ അസംതൃപ്തനായി സ്വന്തമായി ഒരു വിവർത്തനമുണ്ടാക്കി കേരള കാളിദാസനു സമർപ്പണം ചെയ്തപ്പോളും, ചെന്നുപെടുന്നതു് ഏ. ആർ. പക്ഷത്തും! മഹാകവികളും വിമർശനത്തിനിറങ്ങുമ്പോൾ ഉണ്ടായേക്കാവുന്ന വൈരുദ്ധ്യവൈചിത്ര്യങ്ങളിലേയ്ക്കു വിരൽചൂണ്ടുവാൻ ഉപകരിക്കുന്ന പ്രസിദ്ധീകരണങ്ങളാണു് വള്ളത്തോളിന്റെ ഗ്രന്ഥവിഹാരവും ആശാന്റെ നിരൂപണങ്ങളും. എതായാലും മഹാകവി വള്ളത്തോൾപ്രഭൃതികളുടെ നിരൂപണങ്ങളും വഴി ആശാന്റെ ലീലാകാവ്യാസ്വാദനത്തിനുണ്ടാകാവുന്ന തടസ്സങ്ങളെ വെട്ടിമാറ്റുവാൻ പരിണതപ്രജ്ഞനായ കരിമ്പുഴ രാമകൃഷ്ണൻ ചെയ്ത യത്നത്തിന്റെ ഫലമായി നമുക്കു ലഭിച്ച പുസ്തകത്തിന്റെ പേരാണു് ''ലീലാകാവ്യത്തിനു് ഒരാമുഖം.'' ലീലാഹൃദയം എന്ന ഒരു സമഗ്രവ്യാഖ്യാനമടങ്ങുന്ന ബൃഹദ്ഗ്രന്ഥത്തിനെഴുതിയ ആമുഖം ഒരു പ്രത്യേക പുസ്തകമായി പ്രസിദ്ധീകരിച്ചതാണിതു് എന്നുകൂടി കൂട്ടത്തിൽ പറയട്ടേ.

ഒരു കാര്യം നടേ പറഞ്ഞുവയ്ക്കട്ടേ. ലീലാകാവ്യത്തെക്കുറിച്ചു വള്ളത്തോൾപ്രഭൃതികളെഴുതിയ വിമർശനങ്ങളെ പരിശോധിക്കുന്നവരെല്ലാം വിമർശനസാഹചര്യങ്ങളെ കണക്കിലെടുക്കുന്നതു നീതിമാത്രമാകും. വള്ളത്തോൾ ഏറുകുറെ കേരളവർമ്മപക്ഷമാണെന്നും വാല്മീകിരാമായണതർജ്ജമയ്ക്കു കേരളവർമ്മ എഴുതിയ വാചാലമായ ഇംഗ്ലീഷ് ആമുഖമാണു് ആ ചേരിതിരിവിന്റെ അടിസ്ഥാനമെന്നും പറയപ്പെടുന്നു.

തുകട്ടേ കനൽമാരിയെങ്ങുമഥവാ
ബ്രഹ്മാണ്ഡഭാണ്ഡം തക—
ന്നാകപ്പാടെയുതിന്നിടട്ടെ ചെറുതി—
ല്ലിങ്ങൊന്നുകൊണ്ടും ഭയം
ഹാ കല്യാണഗുണാബ്ധി! കേരളനൃപൻ
തീപ്പെട്ടതിൽപ്പെട്ടൊരീ
ശ്ലോകം താണ്ടിയ കൂട്ടരെന്തൊരു വിപ—
ത്തോടിന്നിമല്ലിട്ടിടാ?

അപ്പാണ്ഡിത്യവിശേഷമാവിനയമാ
ശ്ലാംഭീര്യമൈശ്വര്യ, മാ
തൃപ്പാദാശ്രിതവത്സലത്വമികവാ
ലോകോപകാരവ്രതം
അപ്പാരായണയോഗ്യസൽക്കവന, മാ
ദ്ദാക്ഷിണ്യമാസ്സൗഹൃദം
പപ്പാധീശ! ഭവൽഗുണങ്ങളിൽമറ—
ന്നേക്കാവതെന്തെന്തുവാൻ!

എന്നിങ്ങനെ വള്ളത്തോൾ കേരളവർമ്മയുടെ ചരമത്തിൽ പരേതന്റെ ഗുണഗണശ്ലാഘയ്ക്കു മുതിർന്നു. ആശാൻ തന്റെ ഗുണകാംക്ഷിയായി വിശ്വസിച്ച ഏ. ആർ. തിരുമേനിയുടെ ചരമത്തിൽ പ്രരോദനം എന്ന ഒരു കാവ്യംതന്നെ എഴുതി.

ശങ്കാപേതമുദിയ്ക്കുമത്തരുചിയെ—
ങ്ങെങ്ങാ വെറും ശബ്ദമാ—
മാങ്കോലക്കരുവിന്റെയെണ്ണയിലെഴു—
ന്നാജ്ജ്വാലകൗതൂഹലം.
ഹങ്കാരത്തിലൊതുങ്ങുമോ പരഗ്രന്ഥോൽ
ക്കർഷങ്ങളും ഉണ്ണുഴിയിൽ
പൂങ്കോഴിപ്രകരത്തിനും സ്ഥലമഹോ
പുംസ്കോകിലത്തിന്നുമേ.

വസന്തത്തെ അറിയിക്കുന്ന പുംസ്കോകിലമാരാണെന്നും സ്വർണ്ണത്തുവലുകളും നൽച്ചെന്തലപ്പാവും വെച്ചു വിലസുന്ന ശബ്ദാടോപക്കാരുടെ കൂട്ടം എന്ന പ്രയോഗം വള്ളത്തോൾകമ്പനിയ്ക്കെതിരെയുള്ള കല്പോറാണെന്നും വിശേഷിച്ചു അക്കാലത്താരോടും പറഞ്ഞറിയിയ്ക്കേണ്ടതില്ലായിരുന്നു.

ഇരുചേരികൾതമ്മിലുള്ള കിടമത്സരം വളരെ പ്രകടമായിരുന്നു. ഒരാൾ രാത്രിയെന്നു പറഞ്ഞാൽ, മറയാൾ പകലെന്നു വിളിച്ചു കൂവും. കൃതികളുടെ മുഖവുരമുതൽക്കു തുടങ്ങുകയായി ആ മത്സരബുദ്ധി. ആശാൻ കൃതികളേതാരോന്നും പ്രസിദ്ധപ്പെടുത്തുമ്പോൾ നിർമ്മാണസാഹചര്യം വിവരിക്കുന്നതും പ്രതിപാദ്യത്തിലേയ്ക്കു സൂചനകൾ കൊടുക്കുന്നതുമായ ഗ്രന്ഥകാരന്റെ മുഖവുര ചേർക്കുക പതിവായിരുന്നു. വള്ളത്തോൾ പറയുമപ്പോൾ, കവിതയെഴുതിയാൽ അതു മറ്റുള്ളവർക്കു് ആസ്വദിക്കാൻ കവിയുടേതായ ഒരാമുഖവും ടിപ്പണിയും വേണ്ടിവരുക ഒരു ഗതികേടാണെന്നു്. ഒന്നുരണ്ടു തർജ്ജമാകൃതികളൊഴികെ മറ്റൊന്നിനും വള്ളത്തോൾ സ്വന്തമായ മുഖവുര ചേർത്തിട്ടില്ല. അതേസമയം മറ്റുള്ളവരെ കൂട്ടുപിടിച്ചു പ്രശംസാപരമായ അവതരണക്കുറിപ്പു ചേർക്കാൻ മറക്കുകയുമില്ല. ആശാനാകട്ടെ അത്തരം കേളികൊട്ടിനു തുനിഞ്ഞില്ല. നളിനിയുടെ കാര്യംമാത്രം പ്രത്യേകമായി നില്ക്കുകയാണു് എന്നു ധരിച്ചാൽ മതി. വള്ളത്തോൾ ഒന്നും രണ്ടും പ്രശംസാപത്രങ്ങൾ ഗ്രന്ഥങ്ങളോടൊപ്പം ചേർത്തു ദുഷ്പ്രാന്തവും ഇല്ലാതില്ല. വാല്മീകിരാമായണതർജമയ്ക്കു കേരളവർമ്മയുടെ ഇംഗ്ലീഷ്പ്രിഫസും അപ്പൻതമ്പുരാന്റെ അവതാരികയും ചേർത്തതു് ഓർമ്മിക്കുക.

മറ്റൊരു സമീപനവ്യത്യാസം. ആശാൻ ശ്രീനാരായണഗുരുദേവശിഷ്യനെന്ന ആദ്ധ്യാത്മിക പരിവേഷത്തോടെ തത്വചിന്താപ്രധാനമായ സമീപനം കാവ്യരംഗത്തു സ്വീകരിച്ചു എന്നതു സ്പഷ്ടം. വള്ളത്തോൾ പറഞ്ഞു, കലയും സദാചാരവും ഇരുകൈകളിലേന്തി ഏതു വേണമെന്നു ഒരാൾ ചോദിച്ചു എന്നു വെയ്ക്കുക; കല മതി എന്നാവും തന്റെ സമാധാനം എന്നു്. സമീപനഭിന്നത അഭിനയിക്കുക ഉപബോധമനസ്സിന്റെ സ്വഭാവമായിത്തീർന്നു എന്നർത്ഥം.

ശ്രീനാരായണധർമ്മപരിപാലനയോഗം സിക്രട്ടറിയായി പ്രവർത്തിച്ച ആശാൻ വിവേകോദയം മാസിക തുടങ്ങി, അതിലാണല്ലോ മിക്ക വിമർശനങ്ങളും അവതരിപ്പിച്ചതു്. വള്ളത്തോൾ എന്തു ചെയ്തു? ''അപ്പൂപ്പിക്കന്മാരുടെ ചോര നായന്മാരേ ഭവാന്മാരിലൊരിറ്റുമില്ലേ'' എന്നിത്തരമുള്ള പല കവിതകളും നായർസ്പ്രീസ്സൊസൈറ്റി ജിഹ്വയായ സർപ്പീസ്മാസികയിൽ പ്രസിദ്ധപ്പെടുത്തി ആത്മസംതൃപ്തി നേടി. ആശാൻ വംഗദേശത്തുള്ള വിവേകാനന്ദനേയും ടാഗൂറിനേയും അനുകരിക്കാനും സ്വാഗതം ചെയ്യാനും താല്പര്യം കാണിച്ചപ്പോൾ, പശ്ചിമേന്ത്യയിലെ തിലകനേയും ഗാന്ധിയേയും നേതൃഗുരുസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കാൻ ആവേശംകൊണ്ടു എന്നതും കേവലം യാദൃച്ഛികമായിരുന്നില്ല.

ആശാൻ എന്നും സ്വതന്ത്രതർജ്ജമ എന്ന എഴുത്തച്ഛൻരീതി സ്വീകരിച്ച ബുദ്ധചരിതം ഏതാണ്ട് സ്വതന്ത്രകൃതിയിലേയ്ക്ക് ഉയർത്തിയല്ലോ. ആശാന്റെ ആചാര്യൻ എ. ആറും സ്വതന്ത്രതർജ്ജമയെ ഇഷ്ടപ്പെട്ടന്ന കൂട്ടത്തിലായിരുന്നു. പന്തളം തമ്പുരാന്റെ വേണീസംഹാരം നാടകതർജ്ജമയെപ്പറ്റി എ. ആർ. പറഞ്ഞതിങ്ങനെയാണ്. തർജ്ജമ മൂലത്തോടു് അധികം യോജിച്ചുപോയി എന്നാണ് എനിക്കുള്ള ആവലാതി. അത്തംമാത്രമല്ല ശബ്ദവും വാക്യവും ശൈലിയും മൂലാനുസാരിയായിവരുന്നതു ഭാഷാന്തരത്തിനു ദോഷമെന്നാണ് എന്റെ മതം. അങ്ങിനെ തോന്നാൻ കാരണം, ഇയ്യിടെ ഞാനുണ്ടാക്കിയ ചാരുദത്തം എന്ന നാടകത്തിൽ പൂർണ്ണസ്വാതന്ത്ര്യത്തോടെ ഒരുവക തർജ്ജമാരീതി സ്വീകരിച്ചതിനാലുണ്ടായ ദുർവാസനയാണെന്നു വരാം.'' നേരേമറിച്ച വള്ളത്തോൾ പന്തളം പക്ഷക്കാരനായിരുന്നു- നേർതർജ്ജമകൊണ്ടേ കൈരളി തൃപ്തിപ്പെടൂ. സ്വതന്ത്രതർജ്ജമ എന്ന ആണംപെണ്ണുംകെട്ട രൂപം സാഹിത്യത്തിനു് മുതൽക്കൂട്ടാകില്ല എന്ന വള്ളത്തോൾ പല പരിഷദ്വേദികളിലും ഉൽഘോഷിച്ചിട്ടുണ്ട്. നാലപ്പാടന്റെ പാവങ്ങളുടെ ചരടുപിടിച്ചുള്ള തർജ്ജമയാണ് അഭികാമ്യം എന്നതായിരുന്നു വള്ളത്തോൾ പക്ഷം. ഭ്രാവതാരം പാനമാത്രമാകാം വള്ളത്തോൾ തയ്യാറാക്കിയ ഏകസ്വതന്ത്രതർജ്ജമ. അതു ക്ഷമാപണപൂർവ്വം ചൂണ്ടിക്കാട്ടാനാണ് ഒരു മുഖവുരയുടെ പ്രസക്തി ആവശ്യമായി തോന്നിയതു്.

മറെറാരു കാര്യംകൂടി. കിളിപ്പാട്ടുരീതിയിൽ ആശാൻ ബുദ്ധചരിതം തർജ്ജമ ചെയ്തതായി പറഞ്ഞുവല്ലോ. അതിനിടയ്ക്ക വള്ളത്തോളിന്റെ സുഹൃത്തായ നാലപ്പാട്ട നാരായണമേനോൻ ഒരു പണി പററിച്ചു. ആർനോൾഡ്കൃതിയുടെ വിവർത്തനാവകാശം സമ്പാദിക്കുകയും സംസ്കൃതവൃത്തത്തിൽ നേർതർജ്ജമ പൗരസ്ത്യദീപം എന്ന പേരിൽ പ്രസിദ്ധപ്പെടുത്തി; കൃതി മഹാകവി വള്ളത്തോളിനു സമർപ്പിക്കയും ചെയ്തു. അതേസമയം നാലപ്പാടന്റെ മറെറാരു കൃതിയായ പുകയിലമാഹാത്മ്യത്തിനെ അവതരിപ്പിക്കവേ, കിളിപ്പാട്ടെഴുത്തിനെ ചെറുതായൊന്നു പരിഹസിക്കാനും മുതിർന്നു. ''മലയാളഭാഷ കാലചക്രത്തിന്റെ തിരിച്ചിൽകൊണ്ട് ഭാഷാദ്യേയൈഷികർക്കു സന്തോഷകരമാംവണ്ണം പണ്ടത്തെ പ്രാകൃതനിലയിൽനിന്നു സ്വയ്ഥാ സംസ്കൃതരീതിയിലെത്തിയിരിക്കുന്നു. എന്നിട്ടും എഴുത്തച്ഛൻ അന്നത്തെ സ്ഥിതിക്കു് അനുരൂപമായിക്കണ്ടു് സ്വീകരിച്ച ദ്രാവിഡവൃത്തങ്ങൾക്കു സംസ്കൃതവൃത്തങ്ങളേക്കാൾ ശ്രേഷ്ഠതയുണ്ടെന്നു് അന്ധാളിക്കുന്നവരും അവരെ ആരാധിച്ച കവിയശസ്സിനെ അനായാസേന കയ്യിലാക്കാമെന്നുള്ള കുതലിന്മേൽ മഹാകാവ്യങ്ങളെ ആ പഴയ കിളിയുടെ വായിൽ കുത്തിച്ചെലുത്തി ദ്രോഹിക്കുന്നവരും നമ്മുടെ ഇടയിൽ ഇല്ലാതില്ല.'' കേക—കാകളികളല്ല, സംസ്കൃതവൃത്തങ്ങളാണ് മേത്തരം എന്നു്—പൗരസ്ത്യദീപത്തെ മുൻനിർത്തി—വള്ളത്തോളും എഴുതി എന്നു പറഞ്ഞാൽ ഇന്നാരു വിശ്വസിക്കും? അന്നതു വേണ്ടിവന്നു.

> തുഞ്ചത്തു ഗുരുവരോപജ്ഞമാം രീതിയിൽ
> നെഞ്ചലിയിക്കുന്ന നിഷ്ക്രമണംവരേ
> ഇങ്ങനെ ഞാൻ പാടിനേൻ സൽക്കഥയുമാ—
> യങ്ങനെ വേഴ്ച്ചയാർന്നാലുമുണ്ടാം ശുഭം.

എന്നു ശ്രീബുദ്ധചരിതം നാലാം ഖണ്ഡത്തിന്റെ അന്ത്യത്തിൽ ആശാൻ എഴുതിയാൽ വള്ളത്തോളം അക്കാലത്തു മറെറന്തു എഴുതും? മുൻപറഞ്ഞ നാലപ്പാടന്റെ പുസ്തകത്തിന്റെ രണ്ടാംപതിപ്പിൽ ഒരു ഗ്രന്ഥകാരക്കുറിപ്പു് എഴുതേണ്ടിയും വന്നു. ''സ്വതന്ത്രബുദ്ധിയുടെ സവ്വ്തോമുഖമായ തള്ളിക്കയറ്റം കൊണ്ടു് മേലാൽ ഇത്തരം ഗ്രന്ഥകാരക്കുറിപ്പുകളും ഏതൊരു നൂതനകൃതിയുടെയും മുമ്പിൽ അത്യാവശ്യമാവില്ലെന്നു ഇന്നു ഞാൻ സമാശ്വസിക്കുന്നു.'' വാസ്തവം പറഞ്ഞാൽ ആശാൻ ചെയ്യുന്നപോലെ ഗ്രന്ഥകാരക്കുറിപ്പും കവിയുടെ ഉദ്ദേശത്തെപ്പററി ആദ്യപ്പതിപ്പിൽ ചേർത്തിരുന്നുവെങ്കിൽ പുകയിലമാഹാത്മ്യം ഒരു പരിഹാസകവനമാണെന്നു—പരിഹാസകവനത്തിനേ കിളിപ്പാട്ടു കൊള്ളൂ എന്നുള്ള സങ്കല്പമെന്തായാലും— ഭാവുകലോകം മനസ്സിലാക്കിയേനേ! കടിലതന്ത്രങ്ങൾക്കു ചാടിപ്പുറപ്പെട്ട ചെന്നപെടുന്ന വൈഷമ്യങ്ങൾ!

ദൃഷ്ടാന്തങ്ങൾ വർദ്ധിപ്പിക്കുന്നില്ല. സ്തോകമായ അളവിൽ വ്യക്തിവിദ്വേഷം ഫണമുയർത്തിയാടുന്ന കാലത്താണ് വള്ളത്തോളിന്റെ ലീലാകാവ്യവിമർശനം പ്രത്യക്ഷപ്പെടുന്നതു്. മാത്രമല്ല, അതിനു മുമ്പും ബന്ധനസ്ഥനായ അനിരുദ്ധനെ കേവലം ആനച്ചന്തത്തിനുപരി സൂക്ഷ്മവിശകലനത്തിലുണ്ടാവേണ്ട അംഗഭംഗി ആ കൃതിയ്ക്കില്ലെന്നു ആശാൻ സൂചിപ്പിക്കയും ചെയ്തിരുന്നു. ''ആപത്തു ഭാവിയിലിരിക്കുവതായ ഭാഗ്യദീപത്തിനുള്ള നിഴലാണഴലായ്കതികൾ'' എന്ന വരികൾകൊണ്ടുദ്ദേശിച്ചതു് ഊഹിച്ചെടുക്കാമെങ്കിലും ആ പ്രയോഗ

ത്തെ സൂക്ഷ്മവിശകലനം ചെയ്യാൽ അന്തസ്സാരശൂന്യത വെളിപ്പെടും. അതിനാൽ ജാതകഗുണംകൊണ്ട് കൈവന്ന കവിയശസ്സു നിലനിർത്തുകയോ വർദ്ധിപ്പിക്കുകയോ വേണമെങ്കിൽ, സൂക്ഷ്മാംശശ്രദ്ധ കൂടിയേ തീരൂ എന്ന ഒരുപദേശം ആശാൻ പുരസ്കർത്തൃസ്വരത്തിൽ നൽകിയിരുന്നു. ഇതിൽ ചൊടിച്ചാണ് വള്ളത്തോൾ ലീലാകാവ്യനിരൂപണത്തിനിറങ്ങിയതു്.

സാധാരണ പ്രണയകാവ്യമായിട്ടാണ് ലീല കരുപ്പിടിച്ചതെന്നു തെറ്റിദ്ധരിച്ചാണ് പലരും വിമർശനത്തിനിറങ്ങിയതു്. ഉപയോഗിച്ച തേമാനം വന്ന പദങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള നൂതനകാവ്യം ദുർഗ്രഹമായി പലർക്കും തോന്നിയിരിക്കണം. വള്ളത്തോൾ പറഞ്ഞു: കുത്തും ചവിട്ടും അധികമുള്ള പശുവിനെ കറക്കുന്നപോലെ വേണം ആശാൻ കൃതികളെ സമീപിക്കാനെന്നു്. നൂതനതകളെ ന്യൂനതകളായി തെറ്റിദ്ധരിച്ചതാണ് കുഴപ്പമെന്നു കരിമ്പുഴ രാമകൃഷ്ണൻ ചൂണ്ടിക്കാട്ടി. വസ്തുവർണനത്തിൽനിന്നു ഭാവസമുദ്ഭാവനത്തിലേയ്ക്കു ഭാഷാകവിതയെ തിരിച്ചുവിട്ടതും അനുകരണത്തിന്റെ പ്രഹതപഥത്തിൽനിന്നു് അക്ഷുണ്ണപഥത്തിലേയ്ക്കു് ആനയിച്ചതും സവ്യസാചിയായ ആ ദർശകഥാപാത്രങ്ങൾക്കു പകരം വ്യാമിശ്രപ്രകൃതികളായ ജീവൽക്കഥാപാത്രങ്ങളെ നാടകീയമായവതരിപ്പിച്ചതും ആശാൻ ചെയ്ത പുതുമകളാണെന്നു മറ്റു പലരും പറഞ്ഞതു് കരിമ്പുഴയും സംഗ്രഹിച്ചിട്ടുണ്ടു്. ദുർഗ്രഹതയുടേയും സന്ധിപ്രയോഗങ്ങളുടേയും പേരിൽ, കൂടുതൽ പരിശീലനം നേടി കവിതാരചനയ്ക്കു് ഒരുമ്പെട്ടിരുന്നുവെങ്കിൽ പല ബുദ്ധിമുട്ടുകളും ഒഴിവാകുമായിരുന്നു എന്നു വള്ളത്തോൾ എഴുതിയതു് ധിക്കാരസ്വരത്തിൽത്തന്നെയാണു്.

മുമ്പു സൂചിപ്പിച്ചപോലെ ഔതീകപ്രണയകഥമാത്രമല്ല, ആശാൻ അവതരിപ്പിച്ച ലീലാകാവ്യം. ആധ്യാത്മിക ഭാവം ഉൾക്കൊള്ളാൻ കഴിയാത്തതാണ് പലരുടേയും ദൗർഭാഗ്യം. ഇക്കാരീം ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു വിശദീകരിക്കുന്നുണ്ടു്.

പ്രണയ പരവശേ, ശ്രുഭംനിന—
ക്കുണരുക ഉണ്ടൊരു ദിക്കിൽ നിൻ പ്രിയൻ
ഗ്രുണവതി നെടുമോഹ നിദ്രവി—
ട്ടുണരുക, ഞാൻ സഖി, നിന്റെ 'മാധവി'

എന്ന പ്രഥമ ശ്ലോകം തൊട്ട അവസാനത്തെ ശ്ലോകം വരെ ഒന്നു കണ്ണോടിച്ചു നോക്കൂ.

ആരും തോഴീ ! യുലകിൽ മറയു—
ന്നില്ല മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയ ജടിലം
ദേഹിതൻ ദേഹബന്ധം
പോരും ഖേദം, പ്രിയസഖി ചിരം
വാഴ്ക മാഴ്കാതെ, വീണ്ടും
ചേരും നാം കേവം— വിരതഗതിയാ—
യില്ല സംസാരചക്രം

ആദ്യഭാഗത്തിലെ നെടുമോഹനിദ്ര, ഉണരുക പരമാത്മാവിൽനിന്നു തുടങ്ങിയ പദപ്രയോഗങ്ങളും ചില അലങ്കാര വിന്യാസങ്ങളും അനുവാചകരെ ചിന്തിപ്പിക്കേണ്ടതാണു്. ചിന്തിച്ചില്ലെങ്കിലും കാവ്യം മോശമാവില്ല. ലീലാമാധവിമാരുടെ സംവാദം, അന്വേഷണ ബുദ്ധിയും, ഈശ്വരാഭിമുഖമായി നീങ്ങുന്ന ആത്മാവും തമ്മിലുള്ള സംവാദമായി അനുവാചകരിൽ ചിലക്കെങ്കിലും തോന്നാം ജീവാത്മാവും പരമാത്മാവുമായി ചേർന്നു കഴിഞ്ഞാൽ ബുദ്ധിക്കതിനപ്പുറം പ്രസക്തിയില്ല. ബുദ്ധിവേദാന്തത്തിന്റെ പാതയിലേയ്ക്കു തിരിയണം. പിന്നീടു് മാധവിയുടെ വൽക്കല സ്വീകരണത്തിന്റെ ആത്മീയസൂചന അതാണു്.

ആശാന്റെ കാവ്യഭാവന വികസ്വരമായതു് ശ്രീനാരായണ ചൈതന്യത്തിന്റെ ഉജ്വലപ്രസരമേറ്റാണെന്നതു വിസ്മരിച്ചുകൂടാ— നളിനിയും ലീലയും എഴുതിയപ്പോഴും പ്രണയകഥ കഥനം സാധിച്ചു. ആ പ്രണയം മാംസളപ്രണയമല്ലതാനും. ആധ്യാത്മികമായ മറ്റൊരുതലവും അതിനുള്ളതായി ആശാൻ തന്നെ സൂചിപ്പിച്ചിട്ടുണ്ടു്. നളിനിയിൽ താമരയെ മുൻനിർത്തിയാണു് ആശാൻ പ്രതിഭയുടെ ആദ്ധ്യാത്മീക ഭാവം വെളിപ്പെടുത്തുന്നതു്. ലീലയിൽ ജീവിതം മുഴുവൻ ആത്മീയമുക്തിയുള്ള തീർത്ഥാടനമായി, അന്വേഷണയാത്രയായി ആശാൻ കാണുകയാണു്. ചെമ്പകപൂവ്വാണു് ലീലയിലെ കേന്ദ്രബിന്ദു എന്നു ആശാൻ ആമുഖഭാഷണത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. 'ഓരോ കൃതിയിലും കവി പിടിച്ചിരിക്കുന്ന പ്രമേയം എന്താണെന്നും ഓരോന്നിനെ പറ്റിയും അയാളുടെ പ്രത്യേക മുതലകം എന്താണെന്നും വേണ്ടവണ്ണം ആലോചിക്കാതെയാണു് ചിലപ്പോഴൊക്കെ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതും. അതു

കൊണ്ട പ്രിയവായനക്കാർ നളിനിയോട് ലീല യെ താരതമ്യപ്പെടുത്തുമ്പോഴും ഈ വസ്തുത ഓർമ്മി ക്കേണമെന്ന പ്രത്യേകം അപേക്ഷിക്കുന്നു. ദുഷ്യാ ന്തത്തിനു നളിനി ഒരു താമരപ്പൂവാണെന്നും ലീല ഒരു ചെമ്പകപ്പൂവാണെന്നും വിചാരിക്കുക. രണ്ടും പുഷ്പങ്ങളാണു്, രണ്ടിനേയും സൃഷ്ടിക്കുന്ന തിൽ സ്രഷ്ടാവു തന്റെ കല്പനാശക്തിയേയും ശില്പ സാമർത്ഥ്യത്തേയും ഒന്നു പോലെ ഉപയോഗിച്ചി ട്ടുണ്ടു്. എങ്കിലും ഒന്നു ശാന്തമായ സുഗന്ധവും ഉദാരമായ ശോഭയുമുള്ള താമരപ്പൂവു്, മറേറതു പ്ര കടമായ സൗരഭ്യവും ഉജ്വലമായ കാന്തിയുമുള്ള ചെമ്പകപ്പൂവു്, വ്യത്യാസത്തിനു കാരണം സ്ര ഷ്ടാവിന്റെ സങ്കല്പ ഭേദം മാത്രമായിരിക്കും. അതു ഒഴിച്ചു കൂടാത്തതാണു്'' എതു ആലോചിച്ചും സ്വയം ബോധ്യപ്പെട്ടുമായിരുന്ന ആശാൻ കാവ്യ രചനയ്ക്കു ഒരുമ്പെടുകയെന്ന ഇതിൽ നിന്നു നമുക്കു ഊഹിക്കാം.

വള്ളത്തോളിന്റെ ആക്ഷേപങ്ങളെയെല്ലാം നമ്പരിട്ടു കുറിച്ചു ''കണ്ടൻതറിക്കു മുണ്ടൻതറി'' എന്ന കണക്കിനു് അഭിഭാഷകശൈലിയിൽ കരി മ്പുഴ മറുപടി കൊടുക്കുന്നുണ്ടു്. പരഗ്രന്ഥോൽക്ക ഷ്ത്തിലുള്ള അസഹിഷ്ണുതയാണു് പരാതിക ളുടെ ഉള്ളിലിരിപ്പു് എന്നു പറയുന്നതു മറുപടിയാ കയില്ല. ''ലീല മദനാഗമത്തെ പ്രതീക്ഷിച്ചു വി ലപിച്ചുകൊണ്ടു് പാറപ്പുത്തു് ഇരിപ്പായപ്പോഴും സഖി അടുത്തൊരു ദിക്കിൽ മറഞ്ഞുനില്ക്കയാണ ണ്ടായതു്. അതിനു കാരണമായി പറഞ്ഞതു് അവരുക്കാ ലീലയുടെ വ്യവസിതസിദ്ധിയിലുള്ള ആശയാണു്. ഇതു കുറെ ഗ്രാമ്യംകൂടി ആയിപ്പോ യി എന്നു വള്ളത്തോൾ പറഞ്ഞതിനു് കരിമ്പു ഴയുടെ മറുപടി എന്തെന്നല്ലേ? വിലാസലതികയി ലെ ദൂതിയെപ്പോലെ മാരക്രീഡാമഹോത്സവത്തി നു രംഗമൊരുക്കുകയാണു് മാധവി ചെയ്യുന്നതു്. എന്നു തെറ്റിദ്ധരിച്ചതിനു് മറ്റാരെയും കുറ്റപ്പെട്ട ത്തേണ്ടതില്ല എന്നാണു്.

അനവദ്യൈകൂതങ്ങളും ലീലാകാവ്യത്തിൽ എമ്പാടും കാണുന്നുണ്ടെന്നതു സത്യമാകാം. വള്ള ത്തോൾശൈലി കൂടുതൽ വ്യവഹാരഭാഷയോടടു ത്തതും അവക്രവും ആണെന്നതു നേരുതന്നെ. വ ക്രോക്തി കാവ്യജീവിതം എന്ന കാരികയുദ്ധരിച്ചു വക്രോക്തിയുള്ളിടത്തെല്ലാം കാവ്യമുണ്ടെന്നോ, വ ക്രോക്തിയുണ്ടെങ്കിലേ കാവ്യമാകൂ എന്നോ ശഠി ക്കുന്നതിനർത്ഥമില്ല. ചവിട്ടും കുത്തുമുള്ള പശുവെ ന്നതു വള്ളത്തോളിന്റെ മിഥ്യാസങ്കല്പമാണു്. നി ത്യതപസ്സുകൊണ്ടു പ്രസാദിപ്പിക്കേണ്ട സാക്ഷാൽ കാമധേനുവാണു് ലീലാകാവ്യം എന്നു പറയു മ്പോഴും, കാവ്യത്തെ അനുവാചകരിൽനിന്നു മാ റിനിർത്തുകയാവില്ലേ, അനുഭവം? ചില സ്ഥല ത്തെങ്കിലും കൂടുതൽ ശാലീനമായ ഭാഷ ഉപയോ ഗിക്കാമായിരുന്നു എന്നു എനിക്കു തോന്നി.

ലീലാകർത്താവിനോടു വള്ളത്തോൾ ധിക്കാരം കാട്ടിയോ എന്ന പരിശോധന, വള്ളത്തോളി നോടു് ആശാൻ എടുത്ത സമീപനവുമായി മാറു രച്ചു നിർത്തിക്കേണ്ടതുണ്ടു്. ''ഛന്ദശ്ശാസ്ത്രത്തേയും വ്യാകരണത്തെയും മറു സാഹിത്യനിയമങ്ങളേയും ഒന്നും അശേഷം വകവെക്കാതെയും വെറും നിരങ്കു ശത്വമവലംബിച്ചു വന്ന വാക്കിനു പദങ്ങളേയും അർത്ഥങ്ങളേയും എവിടെയെങ്കിലും കേറിയിരുന്നു കൊള്ളാൻ പൂർണ്ണസമ്മതം കൊടുത്തു ഒരു പ്രഖ്യാത നായ കവി എഴുതിവിട്ടന്നതു നോക്കിക്കൊണ്ടു് എങ്ങിനെയാണു് ഭാഷാപ്രണയികൾ മിണ്ടാതി രിക്കുക! എങ്ങിനെയാണു് ആത്മാവിനെ വഞ്ചി ച്ചു ശ്ലാഘിക്കുന്നതു്! ഞാൻ ഈ കൃതിയിലെ ദോ ഷങ്ങളിൽ ശതാംശംപോലും എടുത്തുകാട്ടുന്നില്ല.'' യതിഭംഗത്തിന്റെ ആധിക്യം കാവ്യത്തെ ക്ലിഷ്ട മാക്കുന്നു; രണ്ടു വാദങ്ങളുടെ മധ്യത്തിലായി പദ ങ്ങളുടെ കഴുത്തുകളെ നിർദ്ദയമായി പിരിച്ചും ഒടി ച്ചും ജുഗുപ്സാവഹമായ വിധത്തിൽ സന്ധിചെയ്തി രിക്കുന്നതു കണ്ടാൽ ഭാഷാപ്രണയികൾക്കു ഭയ മാത്രമല്ല, ചിലപ്പോൾ ക്രോധവും തോന്നും.'' ചിത്രയോഗത്തെക്കുറിച്ചു പറയുകയാണു്, അതി ലെ തുടക്കം രാമേശ്വരത്തു ശാസ്ത്രിമാർ ''ജംബുദ്വീ പേ ഭാരതവർഷേ സ്യാനന്ദനപുരേ'' എന്നിങ്ങി നെ സങ്കല്പം പറയുന്നതിനെ അനുസ്മരിപ്പിക്കുന്നു വെന്നും കഥാരചന കഥാപ്രാസംഗികന്മാരും ഡ്രാ മക്കാരും ചെയ്യുന്നപോലെ പല സന്ദർഭങ്ങളിൽ നിന്നടർത്തിയെടുത്ത വിവരണങ്ങളും വർണ്ണനക ളും ഉപയോഗിച്ചാണെന്നും പറയുന്നിടത്തുമില്ലേ ധിക്കാരം! മനോഹരങ്ങളായ ആശയങ്ങളും അട ങ്ങിയ ശ്ലോകങ്ങളും എല്ലാം മോഷ ണങ്ങളാണെന്ന സൂചനയും ആശാന്റെ ഔന്നത്യ ത്തിനു നിരക്കുന്നതല്ല. മഹാകാവ്യങ്ങളും ഇക്കാ ലത്തു സാഹിത്യരസികന്മാരെ ഉത്സാഹപ്പെ ടുത്താൻ അപര്യാപ്തമാണെന്നു പറഞ്ഞശേഷം, ഒരു മഹാകാവ്യം മി. മേനോൻ എഴുതുന്നു എന്നു കേട്ടപ്പോഴത്തെ പ്രതീക്ഷ പുസ്തകം വായിച്ച ഉടനെ ഇല്ലാതെയായി എന്നു വാദിക്കുന്നിടത്തു മില്ലേ ചെറിയ യുക്തിഭംഗം. ഇരുപേരും പര

സ്വരം അരയും തലയും മറന്നു, ശകാരത്തിന്റെയും പരിഹാസത്തിന്റെയും ക്രൂരമുകം, ചൊരിഞ്ഞു എന്നതാണ് വാസ്തവം. പാകപ്പിഴകളും പരഗ്രണോൽഘോഷണത്തിലുള്ള അസഹിഷ്ണുതയും ഇരുഭാഗത്തും ഉണ്ടായിട്ടുണ്ട്. കൃസന്ധിയുണ്ട് വ്യാകരണത്തെറ്റുണ്ട് എന്നൊന്നും പറയുന്നതു സാഹിത്യവിമർശനമല്ല.

ഓതി നീണ്ട ജടയും നഖങ്ങളും
ഭൂതിയും ചിരതവസ്ഥിയെന്നതും
ദ്യോതമാനമുടൽ നഗ്നമൊട്ട ശീ—
താതപാദികമം അവൻ സഹിച്ചതും

എന്ന നളിനീശ്ലോകം പാദാന്ത്യത്തിൽ വാക്കു ഒടിച്ചു കുത്തുന്നതിനുള്ള ദൃഷ്ടാന്തം തന്നെയല്ലേ. വ്യക്തി വിദ്വേഷകലുഷിതമായിരുന്ന അന്നത്തെ വിമർശനം എന്ന സംഗതി ഓർത്തുകൊണ്ടു വേണം വള്ളത്തോളിന്റെ ലീലാകാവ്യവിമർശനത്തെ പരിശോധിക്കാൻ.

ലീലാകാവ്യത്തിന്റെ ആന്തരാർത്ഥം വെളിപ്പെടുത്താനും അതിലേപല ശ്ലോകങ്ങളുടേയും അർത്ഥസൂചനകളെ ഭംഗിയായി വെളിപ്പെടുത്താനും പ്രധാനരസം ഇന്നതാണെന്നു സ്ഥാപിക്കാനും കരിമ്പുഴ രാമകൃഷ്ണൻ ചെയ്ത ശ്രമം ഒട്ടും അസ്ഥാനത്തായില്ല; വ്യർത്ഥവുമായിട്ടില്ല. പ്രഫ. സുകുമാർ അഴീക്കോട് ഒരിക്കൽ പ്രസ്താവിച്ചപോലെ, വിശിഷ്ടകൃതികളെ കൂടെ കൂടെ വസ്തുക്കൾ പോലെ അലക്കുന്നതു നല്ലതാണ്. എങ്കിൽ മാത്രമെ, അടിയേറ്റ വെള്ളിപോലെയും ഉലയിലൂതിയ പൊന്നുപോലെയും പ്രകാശം ചൊരിയുന്ന കാവ്യദർശനമുണ്ടാകൂ. ലീലാകാവ്യത്തിന്റെ ആന്തരാർത്ഥവും ശില്പസൗകുമാര്യവും ആസ്വദിക്കുന്നതിനു പ്രൊ. കരിമ്പുഴ രാമകൃഷ്ണൻ ചെയ്ത പ്രയത്നം തികച്ചും അഭിനന്ദനീയമായിട്ടുണ്ട്.



Vaidyaratnam P. S. Varier's
Arya Vaidya Sala, Kottakkal.
ADAPTED
Science of Sages to Modern Ages
AYURVEDIC SYSTEM IS CE[illegible]URIES OLD PROPOUNDED BY SAGES OF YEARS OLD, A DIVINE GIFT [illegible]D WAS NOT KNOWN KOTTAKKAL MADE WELL KNOWN
Kottakkal Arya Vaidya [illegible] is a House-Hold Name
Because: (i) Its genuine Ayurvedic Medicines give relief to Millions suffering from chronic diseases.
(ii) Its Nursing Home is well equipped with Modern ameneties and it undertakes Panchakarma treatments, Vasti, Dhara, Pizhichal etc. A house for homely treatments.
(iii) It runs a Charitable Hospital & gives free treatments to many needy people.
(iv) It also assists financially the Kottakka Ayurveda College, for Promoting Ayurvedic Education.
Contact
ARYA VAIDYA SALA, KOTTAKKAL.
PHONE: H. O. 16 Branches: Pin Code: 676503
KONHIKODE, PALGHAT, TIRUR, ERODE, ERNAKULAM, TRIVAMDRUM
MADRAS, CANNANORE, COMIBATORE